# സാഹിതി

വാർത്താപത്രിക 9

കേരള
സാഹിത്യ അക്കാദമി

ദേശീയപുസ്തകോൽസവം 2019
എഴുത്തരങ്ങ് സാംസ്കാരികോൽസവം

നാടകം : ചക്കരപ്പാവ
അവതരണം : രംഗചേതന, തൃശൂർ
സഹകരണം : AMHA (Association for Mentally Handicapped Adults)
ഫെബ്രുവരി 10 ഞായർ 06:30



# അതിവർത്തനത്തിന്റെ ആത്മസമരങ്ങൾ



പദ്മദാസ്

സാധാരണമനുഷ്യർ കാണുന്നതിനങ്ങേപ്പുറം കാണുന്നവരാണ് കവികൾ. ക്രാന്തദർശിത്വമുള്ള, ഇന്ദ്രിയാതീതമായ ഈ ചക്ഷുസ്സാണ് അവരെ ശരിക്കും കവികളാക്കുന്നത്. വ്യാവഹാരികജീവിതത്തിൽ കാണുന്ന ദൈനംദിനസംഭവങ്ങളെ തന്റെ മനസ്സിന്റെ മൂശയിലേക്ക് പറിച്ചുനട്ട്, തനിക്ക് മാത്രമറിയാവുന്ന രാസമൂലകങ്ങളിട്ട് പരിചരിച്ച് പുതിയ ജൈവസൃഷ്ടി നടത്തുകയാണ് കൽപറ്റ നാരായണൻ 'കറുത്ത പാൽ' എന്ന കവിതാസമാഹാരത്തിലൂടെ. തനിക്ക് 'എഴുതാത്തത് വായിക്കാനുള്ള, പറയാത്തത് കേൾക്കാനുള്ള ത്രാണി വേണം' എന്നാണ് കൽപറ്റയുടെ പ്രാർത്ഥന. അദ്ദേഹമത് കാണുകയും കേൾക്കുകയും ചെയ്യുന്നുമുണ്ടെന്ന് ആ കവിതകൾ നമ്മോട് പറയുന്നു. ദാമ്പത്യത്തിൽ ഉയരുന്ന മതിലുകളെക്കുറിച്ച് കവി കോറിയിടുന്ന വാക്കുകൾ നോക്കുക:

*'രണ്ടിടത്തായിരുന്നപ്പോൾ*
*നന്നായി പ്രകാശിച്ചിരുന്ന രണ്ട് നക്ഷത്രങ്ങൾ*
*അന്ന് ഒന്നായി.*
*ഒന്നും ഒന്നും ചേർന്നപ്പോൾ*
*ഉമ്മിണി ചെറിയ ഒന്നായി.'* (മതിലുകൾ)
*'ഇണങ്ങാതെ/വണങ്ങാതെ/ഒതുങ്ങാതെ/*
*വളയാതെ/ലവലേശം വാലാട്ടാതെ/*
*വന്യത വിടാതെ'*

ഒരു 'കുറുക്കനെ' കൂടെ കൊണ്ടുനടക്കുന്നത് ഒരു അന്തസ്സല്ലേ എന്ന് ചോദിക്കാൻ കവി ധീരനാവുന്നു, 'കുറുക്കൻ' എന്ന കവിതയിൽ.

'നന്നായറിഞ്ഞ അധികാരം' 'അഭിജ്ഞാനമില്ലാതെ' അകത്തേക്ക് കയറിപ്പോകുന്നത് നോക്കി നിൽക്കുന്നു തിരസ്കരിക്കപ്പെട്ട കവിയുടെ 'ശകുന്തള.' ഇതേ ഉൽസാഹത്തോടെയാണ് തിരസ്കരിക്കപ്പെടേണ്ട തന്നിലെത്തന്നെ (നമ്മിലെ നമ്മെ) കവി കാണിച്ചുതരുന്നത്. 'ആ മീശക്കാരൻ ഒരു രാക്ഷസനാണ്' എന്ന് ഒരു സ്ത്രീ, തന്നെപ്രതി കുട്ടിയെ പേടിപ്പെടുത്തി അടക്കിയിരുത്തിയപ്പോൾ മാത്രമാണ് മുഖപടമിട്ട തന്നിലെ ആസുരതയെക്കുറിച്ച് കവി ചിന്തിക്കുന്നത്.

*'ചെറ്റയാം വിടൻ ഞാനിനിമേലിൽ/കഷ്ടമെങ്ങനെ കണ്ണാടി നോക്കും'* എന്ന് സ്വയം ഇകഴ്ത്തിയ കവിയുടെ പിൻതലമുറക്കാരനാകുന്നു കൽപറ്റ 'രാക്ഷസൻ' എന്ന കവിതയിലൂടെ.

സുരക്ഷാകവാടത്തിലെ ലോഹപരിശോധിനി, ലോഹാംശകാരണങ്ങളുടെ സാന്നിധ്യം പിടിച്ചെടുക്കുന്നതുപോലെ സൂക്ഷ്മദർശിയാണ് കൽപറ്റയുടെ ലോകനിരീക്ഷണങ്ങൾ. എന്തിലും ഏതിലും കവിത കണ്ടെത്താൻ ഉദ്യുക്തമാണത്. കവിതക്ക് സാധ്യത കുറഞ്ഞ ഇടങ്ങളിൽനിന്നുപോലും ഈ കവി അത് കണ്ടെത്തി നിങ്ങളുടെ മുന്നിൽ വെക്കും. അതിസാധാരണങ്ങലായ ജീവിതമുഹൂർത്തങ്ങളെ അത് മാത്രമല്ലാതാക്കുകയും അതിനെ ഉദ്ഗ്രഥിച്ച് പുതിയ കാഴ്ചപ്പാടിലേക്ക് എടുത്തെറയുകയും ചെയ്യാനുള്ള കവിയുടെ കഴിവ് അന്യാദൃശ്യമാണ്. ബസ്സിലൊരാൾ നമ്മുടെ കാലിൽ ചവിട്ടി നിൽക്കുന്നതും കാഴ്ച കുറഞ്ഞയാൾ മതിലാണെന്ന് കരുതി ചുമരിലൂടെ പ്രവേശിക്കാൻ ഉദ്യമിക്കുന്നതും കേസ്ഷീറ്റും വളർത്തുനായയും മരിച്ചയാളെ കുളിപ്പിച്ച് കിടത്തുന്നതും കൽപറ്റയുടെ കൈകളിലൂടെ അവിശ്വസനീയമാംവിധം കാവ്യരൂപമാർജിക്കുന്നത് ശ്രദ്ധേയമാണ്. കവിയുടെ ഭാഷയിൽതന്നെ പറയുകയാണെങ്കിൽ (നാരായണൻമാഷില്ലെങ്കിൽ) ഈ മൂകതകളെല്ലാം കവിതയിൽ വേണ്ടുംവണ്ണം മലയാളത്തിൽ പ്രത്യക്ഷപ്പെടുമോ എന്നുകൂടി നാം സംശയിക്കേണ്ടിയിരിക്കുന്നു.

കുറുക്കൻ, രാക്ഷസൻ, ടച്ച് സ്ക്രീൻ, കുറ്റപത്രം എന്നിവപോലുള്ള കവിതകളിൽ സാധാരണജീവിതമുഹൂർത്തങ്ങളുടെ ലോഞ്ചിങ് പേഡിൽനിന്ന് കവി നമ്മെ ഉയർത്തി പുതിയ ഭ്രമണപഥങ്ങളിലെത്തിക്കുന്നു. തന്നെത്തന്നെ അതിവർത്തിക്കാനാണ് കവിതയെന്ന് കൽപറ്റ പറയും (To Out Live You). കാലത്തേയും ജീവിതത്തേയും തന്നെത്തന്നേയും അതിവർത്തിക്കാനുള്ള ഭാഷയിലെ സമരങ്ങളാണ് കൽപറ്റ നാരായണന്റെ ഓരോ കവിതയുമെന്ന് അവതന്നെ നമ്മോട് പറഞ്ഞുതരുന്നു. ●

# നിങ്ങൾ എന്തിനാണ് വിദ്യാഭ്യാസം ചെയ്യുന്നത്?



സുരേഷ്ബാബു
കൃഷ്ണമൂർത്തി ഫൗണ്ടേഷൻ, ചെന്നൈ

ഇന്നത്തെ രീതിയിലുള്ള വിദ്യാഭ്യാസത്തെ നിരീക്ഷിച്ചുകൊണ്ട് ലോകപ്രസിദ്ധദാർശനികനായ ജെ.കൃഷ്ണമൂർത്തി ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റി, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, യൂണിവേഴ്സിറ്റി ഓഫ് ബോംബേ എന്നിവിടങ്ങളിൽ 1969നും 1984നും മധ്യേയുള്ള കാലഘട്ടത്തിൽ വിദ്യാർത്ഥികളും അധ്യാപകരുമായി നടത്തിയ സംഭാഷണങ്ങളും ചോദ്യങ്ങളും ഉത്തരങ്ങളുമാണ് ഈ പുസ്തകത്തിൽ ഉൾകൊള്ളിച്ചിരിക്കുന്നത്.

വിദ്യാർത്ഥികളോടായി ചോദിക്കുന്ന ഈ ചോദ്യത്തിന് ഉത്തരംകണ്ടെത്തേണ്ടത് വിദ്യാർത്ഥികൾ മാത്രമല്ല. രക്ഷിതാക്കൾ, അധ്യാപകർ, ഭരണസംവിധാനങ്ങൾ, മനുഷ്യനിലനിൽപിന്റെ ആഴത്തിലുള്ള പ്രശ്നങ്ങളിൽ താൽപര്യമുള്ളവർ, വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തുന്നവർ എല്ലാവരും കൂടിയാണ്.

ആറ് സംഭാഷണങ്ങളാണ് അവ. ഒന്ന്, ഇന്നത്തെ സാങ്കേതികതയിലും മനുഷ്യനിലും ഉള്ള അപകടം. രണ്ട്, അറിവും അവിദ്യയും. മൂന്ന്, ഞാനൊരു വിദ്യാർത്ഥിയായിരുന്നെങ്കിൽ ചോദിക്കുന്ന രണ്ട് ചോദ്യങ്ങൾ. നാല്, നിങ്ങളുടെ ഭാവി എന്താണ്? അഞ്ച്, ബുദ്ധി ഉത്തരം കണ്ടുപിടിക്കുന്നില്ല. ആറ്, നിങ്ങളെന്തിനാണ് വിദ്യാഭ്യാസം ചെയ്യുന്നത്? ഈ ആറ് ശീർഷകത്തിലൂടെ കടന്നുപോകുമ്പോൾ ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ പോരായ്മകൾ കാണാൻ കഴിയുന്നതോടൊപ്പം മറ്റൊരു രീതി കൂടിയുണ്ടെന്ന് ബോധ്യമാവുന്നു.

ഇന്നത്തെ വിദ്യാഭ്യാസംകൊണ്ട് ഒരു വിദ്യാർത്ഥിയെ പ്രാപ്തനാക്കുന്നത് ജോലി നേടാനാണ്. തുടർന്ന് വിവാഹംകഴിക്കുക, വീട് വെക്കുക, ഭാര്യയും മക്കളുമൊത്ത് കുടുംബമായി കഴിയുക എന്നിവയാണ്. എന്നാൽ, അവിടെ ശാന്തിയും സമാധാനവുമുണ്ടോ?

സാമ്പത്തികഭദ്രതയുണ്ടായാൽ എല്ലാം പരിഹരിക്കാം എന്ന വിചാരം അസ്ഥാനത്താവുന്നത് ശാന്തിയും സമാധാനവും നഷ്ടപ്പെടുമ്പോഴാണ്. വളരെയധികം സമയവും ഊർജവും നൽകി കഷ്ടപ്പെട്ട് പഠിച്ച് പുറത്തിറങ്ങുന്നവർക്ക് ജീവിതത്തിലുണ്ടാവുന്ന പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ കഴിയാത്തതുകൊണ്ട് പരാജിതരാകുന്ന അവസ്ഥയാണ് ലോകമെമ്പാടും കണ്ടുകൊണ്ടിരിക്കുന്നത്.

ഏത് വിഷയത്തെക്കുറിച്ചുള്ള അറിവായാലും ആവശ്യമുള്ളത് തന്നെയാണ്. ആ അറിവ് ഉപയോഗിക്കുന്നവൻ ആരാണ്? മനുഷ്യവർഗം ഇന്നേവരെ ആർജിച്ച അറിവ് തന്നെയാണ് അവൻ. അവനിൽ വിദ്വേഷത്തിന്റേയും സന്തോഷത്തിന്റേയും ഓർമകൾ രേഖപ്പെടുത്തിയിട്ടുണ്ട്. അവ അവനറിയാതെ പ്രവർത്തിക്കുമ്പോൾ വെറും യന്ത്രമനുഷ്യനായി മാറുന്നു. അതിന് വിവേകമോ അനുകമ്പയോ സ്നേഹമോ ഇല്ല. “വിവരമില്ലാത്തവൻ വിദ്യാഭ്യാസമില്ലാത്തവനല്ല. മറിച്ച് അവനവനെ അറിയാത്തവനാണ്” എന്ന കൃഷ്ണമൂർത്തിയുടെ വാക്കുകൾ അന്നും ഇന്നും എന്നും പ്രസക്തിയുള്ളതായി നിലനിൽക്കുന്നു. ●

വിദ്യാഭ്യാസത്തെക്കുറിച്ചുള്ള മറ്റ് പുസ്തകങ്ങൾ

1. Education and the Significance of Life
2. Krishnamoorthy on Education
3. Life Ahead
4. You are the World
5. Beginnings of Learning
6. Educating the Educator.

# ഞാറ്റുവേലകളുടെ റിപ്പബ്ലിക്



ഡോ.കെ.പ്രദീപ്കുമാർ

വടക്ക് വടമലയും കിഴക്ക് കിമ്മലയും തെക്ക് തെമ്മലയും പടിഞ്ഞാറ് പമ്മലയും അതിരു കാക്കുന്ന ഭൂഭാഗത്തിൽ പ്രവേശിച്ച കൗമാര 'കുതൂഹല'ന് സ്ഥലവിഭ്രാന്തി സംഭവിച്ചു. ചെമ്പും നീലയും നിറമായ ആകാശവും അതിലൂടെ താണുപറക്കുന്ന മിനിജെറ്റുകൾ മാതിരി ഊളിയിട്ടുപറക്കുന്ന വിഷുപ്പക്ഷികളും ഉഷ്ണം പുകയുന്ന, മൂടിക്കെട്ടിയ പകലുകളും അടയാളപ്പെടുത്തുന്ന സ്വസ്ഥമായ വേനലവധിയിൽ താനൊരു പുസ്തകം വായിക്കാനിരുന്നതാണോ അതോ പുസ്തകമാണോ തനിക്ക് ചുറ്റും ഇതെല്ലാം നിരത്തിവെക്കുന്നത്? പ്രസ്തുത ആശയക്കുഴപ്പം ഹേതുവായി ഇതുവരെ പുറത്തുകടക്കാൻ ആ വായനക്കാരന് കഴിയാത്ത റിപ്പബ്ലിക്കിന്റെ പേരാണ് വി.കെ.എൻ. ചാത്തൻസിന്റെ ലോകം എന്നും അതിനെ വിളിക്കാം. കാരണം 'ചാത്തൻസ്' എന്ന കഥാസമാഹത്തിലെ പതിനഞ്ച് കഥകളിലും നായകൻ 'വെള്ളച്ചിസുപ്രജ'യായ 'അവൻസ്' തന്നെയാണ്.

അശ്വതിമുതൽ ചോതിവരെയുള്ള പതിനഞ്ച് ഞാറ്റുവേലകളിലൂടെയാണ് 'ചാത്തൻസി'ന്റെ അവതാരം പൂർത്തിയാവുന്നത്. പതിനഞ്ച് ഞാറ്റുവേലകളിലും പ്രകൃതിക്ക് സംഭവിക്കുന്ന സൂക്ഷ്മമായ മാറ്റങ്ങൾ ഏറിയും കുറഞ്ഞും കഥകളിൽ സംവേദനം ചെയ്യപ്പെടുന്നതായി കാണാം. ആദ്യകഥയായ അശ്വതി ഞാൻ വായിക്കുന്നത് സ്കൂൾ വേനലവധിയിൽ ഉഷ്ണം പുകഞ്ഞു നിൽക്കുന്ന ഒരു പ്രഭാതത്തിലാണ്. എന്നെ ചൂഴ്ന്നുനിൽക്കുന്ന ആ ഉഷ്ണരാശിയിലൂടെയാണ് വി.കെ.എന്റെ രചനാപ്രപഞ്ചത്തിലേക്ക് ഞാൻ തിരനോക്കുന്നത്. പ്രകൃതി അതിന്റെ കാല്പനികതയില്ലാതെപോലും വി.കെ.എൻ. കൃതികളിൽ കടന്നുവരുന്നത് വിരളമാണ് എന്നിരിക്കെയാണ് 'അശ്വതി' എന്ന കഥയിൽ വി.കെ.എൻ. അശ്വതി ഞാറ്റുവേലക്കാലത്തെ ദാഹിച്ചു വരണ്ടുകിടക്കുന്ന നെൽപ്പാടങ്ങളുടെയും തിളക്കുന്ന പകലിന്റെയും അതിന്റെ ചൂടിൽ വാടി സ്തബ്ധമായി നിൽക്കുന്ന രാത്രിയുടെയും ചിത്രം വരച്ചിടുന്നത്. തുടർന്ന് ആ വർണനയുടെ രസാപകർഷം സാധിക്കുന്ന ഒരു അപരകോടിയും: ''കാറ്റ് എന്നവൻ പണിമുടക്കിലും'' ചാത്തൻസ് ജന്മഭൂമിയെ സിംഹാവലോകനം ചെയ്യുന്ന കുന്നിൻപുറവും ചുറ്റും തീയാളി നിൽക്കുന്ന പൂമരങ്ങളും എന്റെ ചുറ്റുമുള്ള ഭൗതികപ്രപഞ്ചവുമായി ഇടകലരുന്ന അത്ഭുതാവഹമായ അനുഭവമാണ് വി.കെ.എൻ.വായന എനിക്ക് ആദ്യം പകർന്നത്. ഒരു കൗമാരപ്രായക്കാരന് അന്ന് അത്രയൊക്കെ മതിയായിരുന്നു, ആർത്തിപിടിച്ച് ആ ഞാറ്റുവേല സംക്രമണം ഓടി പൂർത്തിയാക്കാൻ.

ഈ ഞാറ്റുവേലകൾ എന്നെ പലവിധത്തിൽ സ്വാധീനിച്ചതായി ഞാൻ തിരിച്ചറിഞ്ഞത് പിന്നീടാണ്. ജ്ഞാനിയുടെ ചിരിയായും കോമാളിയുടെ ഇടവേളയായും എന്റെ പിൽക്കാലജീവിതത്തിൽ ചാത്തൻസ് പലതവണ ഉരുവപ്പെട്ടു. രാഷ്ട്രീയബോധം രൂപപ്പെടുന്നതിലും സാമൂഹ്യപ്രവർത്തനരീതി നിർണ്ണയിക്കുന്നതിലും മാത്രമല്ല "കറയറ്റൊരാലസൽ ഗ്രാമഭംഗി"യെ സംബന്ധിച്ച ഗൃഹാതുരമായ ഓർമ്മകളിൽപ്പോലും 'ചാത്തൻസ്' വായന കൂടെവരികയുണ്ടായി. ഭാഷാപ്രയോഗത്തിന്റെ അനന്തവും അനവദ്യവുമായ അനുഭവങ്ങൾ പുതിയ ഉൾക്കാഴ്ചകളും പുറംകാഴ്ചകളും തന്നു. വി.കെ.എൻ.സാഹിത്യലോകത്തിന്റെ പാസ്പോർട്ട് മറ്റ് നിരവധി തുറമുഖങ്ങളിൽ പ്രവേശനം നേടിത്തന്നു.

ചാത്തൻസിന് നന്ദി. ●




# പുസ്തകോൽസവത്തിൽ



അഹമ്മദ് മൊയ്നുദ്ദീൻ

അന്തിമോപചാരമർപ്പിച്ച്
നീങ്ങുംപോലെയാണ് ചിലർ
തണ്ടൊടിഞ്ഞ്
തല ഒരു വശത്തേക്ക് ചെരിഞ്ഞ്
കണ്ണുകൾ മുഖച്ചിത്രത്തിൽ
കുത്തിനിർത്തി ഊന്നുവടിയാക്കും
മൗനത്തെ ചേർത്തുനിർത്തും
പുസ്തകത്തോട് സംസാരിക്കുമ്പോൾ
ചെവി താനേ അടഞ്ഞുപോകുന്നതാണ്
ശ്രദ്ധിച്ചാൽ കേൾക്കാം
പുസ്തകങ്ങളുടെ അടക്കംപറച്ചിലുകൾ
ആശയവിരുദ്ധമാണെങ്കിലും
ഒന്നിച്ചിരിക്കാനോ
ഒപ്പം നടക്കാനോ
അവർക്ക് മടിയില്ല
ഒന്നിച്ച് ജീവിച്ചുതുടങ്ങിയാൽ
നമുക്ക് സ്നേഹിക്കാതിരിക്കാനാവില്ല



ഡോ.അജയപുരം ജ്യോതിഷ്കുമാർ



# കന്നിക്കൊയ്ത്തും
# കാവ്യപാഠങ്ങളും




ഒറ്റവായനക്കുപകരം ഒരുപാട് വായനകളുടെ പരിചരണം ആവശ്യപ്പെടുന്ന ചില പുസ്തകങ്ങളുണ്ട്. ഫ്രാൻസിസ് ബേക്കൺ പറഞ്ഞ ചവച്ചരച്ചുതിന്നൽതന്നെ. ഓരോ വായനയിലും അത്തരം പുസ്തകങ്ങൾ പുതിയ വെളിച്ചം നൽകിക്കൊണ്ടേയിരിക്കും. വിസ്മയത്തിന്റേയും ആഹ്ലാദത്തിന്റേയും ഉത്കണ്ഠയുടേയും നിമിഷങ്ങളിലേക്ക് വായനക്കാരനെ തള്ളിയിട്ടുകൊണ്ടിരിക്കും. ഒറ്റക്കിരിക്കുമ്പോൾ മാത്രമല്ല, ഒരു കൂട്ടത്തിന്റെ ഭാഗമായിരിക്കുമ്പോൾപോലും അത്തരം പുസ്തകങ്ങളുടെ ഉൾവെളിച്ചം മനസ്സിൽ കരുത്തും സാന്ത്വനവുമായി പടർന്നുനിൽക്കും.

വൈലോപ്പിള്ളി ശ്രീധരമേനോന്റെ കന്നിക്കൊയ്ത്ത് ആദ്യം വായിക്കുന്നത് ബിരുദവിദ്യാർത്ഥിയായിരിക്കുമ്പോഴാണ്. പാഠപുസ്തകങ്ങളായ സാഹിത്യഗ്രന്ഥങ്ങൾ സാഹിത്യപ്രവർത്തകസഹകരണസംഘം ധാരാളമായി പുറത്തിറക്കിയിരുന്ന കാലം. പച്ച കലർന്ന നീല പശ്ചാത്തലത്തിൽ കൊയ്ത്തുപാടത്ത് തൊഴിലാളിസ്ത്രീകൾ നിൽക്കുന്ന ചിത്രവുമായി പുറത്തിറങ്ങിയ ചെറുപുസ്തകം. കുട്ടികൃഷ്ണമാരാരുടെ അവതാരിക

യൊന്നും കാര്യമായി വായിച്ചുനോക്കിയില്ല അന്ന്. ഗുരുനാഥൻ പന്മന രാമചന്ദ്രൻനായർ മാമ്പഴം ഈണത്തിൽ ചൊല്ലിപ്പഠിപ്പിച്ചതാണ് കന്നിക്കൊയ്ത്തിന്റെ ആദ്യത്തെ ഓർമ. 'വിഷാദം കിടന്നലതല്ലുന്ന അമ്മതൻ നെഞ്ചിടിപ്പ്' കുറേക്കാലം ഉള്ളിലുണ്ടായിരുന്നു. എം.എൻ.വിജയൻമാഷിന്റെ മനഃശാസ്ത്രസമീപനമൊക്കെ അറിയുന്നത് പിന്നെയും എത്രയോ കാലം കഴിഞ്ഞാണ്. ഇന്നും ആ ഫ്രോയ്ഡിയൻ കാഴ്ച വേണ്ടത്ര ദഹിച്ചുകിട്ടിയിട്ടില്ല. 'വാക്കുകൾ കൂട്ടിച്ചൊല്ലാൻ വയ്യാത്ത കിടാങ്ങൾ, ദീർഘദർശനം ചെയ്യുന്ന ദൈവജ്ഞരായി മാറുന്ന' ആ അത്ഭുതരഹസ്യം എത്ര അനായാസമായാണ് പ്രിയകവി എഴുതിവെച്ചത്. കവിത മനസ്സിനെ ആർദ്രമാക്കുന്നതെങ്ങനെയെന്ന് മാമ്പഴം വീണ്ടുംവീണ്ടും ഓർമിപ്പിക്കുകതന്നെയാണ്. അല്ലെങ്കിൽ ആ കവിത വലിയ ക്ലാസ്സിലെ കുട്ടികൾക്ക് ചൊല്ലിക്കൊടുക്കുമ്പോൾപോലും വിഷാദനിർഭരമായൊരു നിശ്ശബ്ദത പടരുന്നതെങ്ങനെ? 'അശ്രുവാൽ കടൽ തീർത്ത ആദിമകവി'യുടെ പിന്മുറക്കാരനാണല്ലോ വൈലോപ്പിള്ളി. അതുകൊണ്ടുതന്നെ കണ്ണീരിന്റെ കവിത എഴുതിഫലിപ്പിക്കാൻ അദ്ദേഹത്തിന് നന്നായറിയും.

പൊന്നുഷസ്സിന്റെ കൊയ്ത്തുപാടത്ത് ചിന്നിയ കതിർ ചുറ്റിലും കിടക്കുമ്പോൾ ജീവിതത്തിന്റെ കൊയ്ത്തുപാടത്ത് പയ്യാരപ്പാട്ടുകളുമായി നിൽക്കുന്ന കർഷകസ്ത്രീകളുടെ ജീവകാവ്യമായി കന്നിക്കൊയ്ത്ത് എഴുതുന്നു കവി. ഇത്രയും ജീവാംശമുള്ള, ജീവിതം വാറ്റിയെടുത്ത കവിതകൾ മലയാളത്തിൽ കുറവാണ്. കാർഷിക സംസ്കൃതിതന്നെ വിസ്മൃതിയിലായിപ്പോകുന്ന ഒരു കാലത്തിൽ ജീവിക്കുന്ന നമുക്കിപ്പോൾ ആ കൊയ്ത്തുപാടത്തെ സങ്കൽപിച്ചെടുക്കാൻപോലുമാവില്ല. കൊയ്ത്തും മെതിയും പൊലിയും എല്ലാം ഗൃഹാതുരതയുടെ പെരുക്കപ്പട്ടികയിലേക്ക് കയറിക്കഴിഞ്ഞു. എന്നാൽ, സാഹിത്യകൃതികളുടെ അക്ഷരപ്പൊലിമയിൽ എന്നും അതൊക്കെ വിളഞ്ഞുകിടക്കും. 'കണ്ണീർപാട'ത്തിലും കവി ഒരു വർഷകാലപ്പാടത്തെ അവതരിപ്പിക്കുന്നുണ്ടല്ലോ. കവികൾ സൂക്ഷ്മനിരീക്ഷകരും ക്രാന്തദർശികളും ആകുന്നതെങ്ങനെയെന്ന് ആദ്യം ഓർമിപ്പിച്ചതും പഠിപ്പിച്ചതും വൈലോപ്പിള്ളിയാണ്. ജീവിതഗന്ധമുള്ള കവിതകൾ എഴുതുന്നതെങ്ങനെയെന്ന് 'കന്നിക്കൊയ്ത്ത്' മുതലുള്ള കവിതകളിലൂടെ അദ്ദേഹം പറഞ്ഞുകൊണ്ടേയിരുന്നു.

ഓരോ മരണവീട്ടിലും ചെന്നുനിൽക്കുമ്പോൾ, മരിച്ചവർക്ക് ആദരാഞ്ജലി അർപ്പിക്കുന്ന ചടങ്ങിൽ പങ്കെടുക്കുമ്പോൾ, എന്റെ കാൽപനിക മനസ്സ് അറിയാതൊരാളെ തിരയും, മരിച്ചുപോയ ആളിനെ. എന്തുകൊണ്ടാണെന്നറിയില്ല, ആ ആൾകൂടി ഉണ്ടായിരുന്നെങ്കിൽ ഈ ചടങ്ങ് എങ്ങനെയാകുമായിരുന്നു എന്നൊരു അസംബന്ധ ചിന്ത മനസ്സിൽ ഉയിർക്കയായി. ഒരിക്കലും നടക്കാത്ത ആ കാര്യത്തെക്കുറിച്ചുള്ള തിരിച്ചറിവിനെത്തുടർന്ന് വൈലോപ്പിള്ളിയുടെ പ്രഖ്യാതമായ വരികൾ മനസ്സിൽ ഇടംപിടിക്കും.

*'ഹാ! വിജിഗീഷു മൃത്യുവിന്നാമോ*
*ജീവിതത്തിൻ കൊടിപ്പടം താഴ്ത്താൻ.'*

ജീവിതമഹത്വത്തെ ഇതിലപ്പുറം ശാശ്വതവൽകരിക്കാൻ എങ്ങനെ കഴിയും? കവിതയില്ലാതെ ഇത് പറഞ്ഞുറപ്പിക്കാനും ആവില്ല. കന്നിക്കൊയ്ത്ത് ഓരോ തവണ വായിക്കുമ്പോഴും ഒരു മുദ്രാവാക്യംപോലെ ഈ വരികൾ മനസ്സിൽ സുദൃഢമാകുന്നു. 'ആസാംപണിക്കാരുടെ ദൈന്യം' പുതിയ സാഹചര്യത്തിൽ വായിക്കുമ്പോൾ, നമ്മുടെ നാട്ടിൽ പണിയെടുക്കാൻ വരുന്ന ഇതരദേശത്തൊഴിലാളികളുടെ ഓർമയുണർത്തുന്നു. പക്ഷേ, കേരളം അവർക്ക് 'കൊതിപ്പിക്കും പക്ഷേ കൊടുക്കുകില്ലവൾ' എന്ന മട്ടിലുള്ള പ്രതികരണമല്ല നൽകിയത്. അവൾ അവർക്ക് എല്ലാം കൊടുക്കുന്നു. നമുക്ക് കണ്ടെടുക്കാൻ കഴിയാതെ പോയത് പലതും. അലസതയും ദുരഭിമാനവുംകൊണ്ട് നമ്മൾ വഴിയിൽ കളഞ്ഞത് പലതും. കവിതയുടെ വായനാസാധ്യതകളുടെ വലിയ ലോകമാണ് ഇങ്ങനെ നമുക്ക് മുന്നിൽ തെളിയുന്നത്. 'സഹ്യന്റെ മകന്റെ' ദ്യോവിനെ വിറപ്പിക്കുന്ന ആ നിലവിളിയുണ്ടല്ലോ, അത് ചിലപ്പോൾ എന്റെതന്നെ നിലവിളിയാണെന്ന് ഞാൻ അറിയുന്നു. പടയാളികളെക്കുറിച്ച് കവി പാടുന്നതും ആയിരത്തൊന്ന് രാവിന്റെ ലഹരിയിൽ അലിയുന്നതും വസന്തത്തിന്റെ മധുരോദാരസ്മൃതികൾ അയവിറക്കുന്നതുമടക്കം കവിതയുടെ കരസ്പർശം എന്നെ വിഭിന്നവികാരനിർഭരമനസ്കനാക്കുന്നു. കവിതാവായനയുടെ പുതുവഴികളിലൊക്കെ അലയുമ്പോൾ കന്നിക്കൊയ്ത്ത് പകർന്ന വെളിച്ചമാണ് എന്നിലെ വായനക്കാരനെ നയിക്കുന്നത്. കവിതാരചന വലിയൊരു സാംസ്കാരികദൗത്യം കൂടിയാണെന്ന് ആ പുസ്തകം വിളിച്ചുപറയുന്നുമുണ്ട്. ●




പെണ്ണെഴുത്ത് - പ്രത്യാശയുടെ കനൽവഴി സെമിനാറിൽ
ഡോ.എം.ലീലാവതി മുഖ്യപ്രഭാഷണം നിർവഹിക്കുന്നു.




കെ.സരസ്വതിയമ്മ ജന്മശതാബ്ദിപ്രഭാഷണം
ഡോ.സി.എസ്.ചന്ദ്രിക നിർവഹിക്കുന്നു.



എഴുത്തും വെള്ളിത്തിരയും ചലച്ചിത്ര
പ്രഭാഷണം കെ.ബി.വേണു നിർവഹിക്കുന്നു.



കൈതോല നാടൻപാട്ടുകൂട്ടം, വാണിയംപാറ അവതരിപ്പിച്ച നാടൻപാട്ടും നാടൻകലകളും.

Edited, Printed and Published by Dr.K.P.Mohanan (Secretary) for Kerala Sahitya Akademi, Thrissur - 20
For internal circulation only | Phone & Fax : 0487 2331069 | email : keralasahityaakademi@gmail.com
Printed at ColorMode, Thrissur | Photo : MonaLisa | Design : Roy Akkara